

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026

## സെന്റ്.ഫ്രാൻസിസ് എൽ പി എസ്

## വടക്കാഞ്ചേരി

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 1

## 2025-2026

# ക്ലാസ് 1 മലയാളം

## ആമുഖം

ഒന്നാം ക്ലാസ്സിലെ കുട്ടികളുടെ സമഗ്ര വികസനമാണ് പാഠ്യപദ്ധതി ലക്ഷ്യമിടുന്നത് . ജൂൺ മാസം മുതൽ അടുത്ത മെയ് മാസം വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധപ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്യുന്നത് . അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരിക- മാനസിക -വൈകാരിക നേട്ടങ്ങൾ കൈവരിക്കുന്ന പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് .

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും ലളിതമായ സാഹിത്യകൃതികൾ വായിച്ചു ആശയം പങ്കിടാൻ പ്രാപ്തരാക്കുക
- എല്ലാകുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം കൂടാതെ എഴുതാനുള്ള കഴിവ് നേടുമെന്ന് ഉറപ്പു വരുത്തുക.
- ഒരു സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിന് കഴിവ് നേടുക .
- തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാക്കുക
- കുട്ടിയുടെ ശാരീരിക മാനസിക വികാസവും ക്ഷമതയും ഉറപ്പാക്കുക.

# പ്രവർത്തന പദ്ധതി

ഒന്നൊരുക്കം സന്നദ്ധതാ പ്രവർത്തനങ്ങളിലൂടെയും പാഠ്യ പദ്ധതി പ്രകാരവും കുട്ടികളെ കഥകൾ പറയാനും പാട്ടുകൾ പാടാനും പ്രാപ്തരാക്കുന്നു. പാഠ്യപദ്ധതി പ്രകാരമുള്ള പ്രക്രിയാധിഷ്ഠിതമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

## ജൂൺ

കഥകൾ പറയുന്നു

കഥപറയൽ പരിശീലനം

പാട്ടുകൾ

ശില്പശാല

വായനോത്സവം -ആരംഭം

ക്ലാസ് ഒരു വായനകൂട്

## ജൂലൈ

കഥകൾ -ഭാവനാത്മക വായന

വീട്ടു വായന

ചൂണ്ടി വായന

ആശയത്തെ ചിത്രീകരിക്കൽ

ക്ലാസ് ലൈബ്രറി

പാട്ടരങ്ങ്

ചിത്ര കാർഡ് വായന

വായന കാർഡ് നിർമ്മാണം

ഡിജിറ്റൽ സാധ്യത ഉപയോഗിച്ചുള്ള കഥ കാണൽ കേൾക്കൽ

വീട് ഒരു വായന കൂട്

സംയുക്ത ഡയറി

## ആഗസ്റ്റ്

കഥയുടെ പുനരവതരണം

തിയറ്റർ സാധ്യതകൾ ,വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് ആകൃഷ്ടരാക്കൽ

## സെപ്റ്റംബർ

പാട്ടുപൂക്കളം

ഓണപ്പാട്ട് അവതരണം

ലളിതമായ അടിക്കുറിപ്പെഴുതൽ

ചിത്ര വായന കാർഡുകൾ തയ്യാറാക്കൽ

കുട്ടികളുടെ സ്വന്തമായുള്ള പ്രകടനങ്ങൾ

## ഒക്ടോബർ

കൂട്ടുവായന

സ്വന്തമായി കഥ പറയൽ

രചനോത്സവം

## നവംബർ

നാട്ടുവായന

കഥകളുടെ പ്രകാശനം

കഥകൾ നിർമ്മിച്ച് നവ മാധ്യമങ്ങളിലൂടെ പങ്കിടൽ

## ഡിസംബർ

കഥ നിർമ്മാണം

കഥ വായന

സചിത്ര പുസ്തക വായന

## ജനുവരി

വായന കാർഡുകളുടെ നിർമ്മാണം

കഥകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു

## ഫെബ്രുവരി

കഥ പൂരിപ്പിക്കൽ

കാർട്ടൂണുകൾക്കു സംഭാഷണം എഴുതൽ

രചനോത്സവം

## മാർച്ച്

പഠനോത്സവം

# അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതം

## STD 1

## 2025-2026

## ആമുഖം

നിത്യ ജീവിതത്തിൽ ഒഴിച്ച് കൂടാനാവാത്ത ഒന്നാണ് ഗണിത പ്രവർത്തനങ്ങൾ . അറിവിന്റെ ആദ്യഘട്ടമായ ഒന്നാംക്ലാസ്സിൽ നിന്ന് തന്നെ ഗണിത പ്രവർത്തനങ്ങൾ രസകരമായി കുട്ടി നേടിയെടുക്കേണ്ടതുണ്ട് .ഭാഷയിലും ശാസ്ത്രത്തിലും മറ്റു പ്രവർത്തനങ്ങളിലും അറിവും കഴിവും നേടുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യ ധാരയിൽ എത്തിക്കേണ്ടത് അനിവാര്യമാണ് . രസകരമായ ഗണിത കേളികളിലൂടെ ഗണിത ക്രിയകളിൽ കുട്ടികൾക്ക് താല്പര്യം ജനിപ്പിക്കാം .ഗണിത പാട്ടുകളിലൂടെയും ചിത്രങ്ങളിലൂടെയും കളികളിലൂടെയും ഗണിതം കുട്ടികൾക്ക് ആസ്വാദ്യകരമാക്കാവുന്ന തരത്തിൽ അവതരിപ്പിക്കാം .ഇങ്ങനെ കുട്ടികളുടെ നിലവാരത്തിനും താല്പര്യത്തിനും അനുസരിച്ചു വിവിധ ഗണിത ആശയങ്ങൾ നേടിയെടുക്കാൻ ഉതകുന്ന രീതിയിലാണ് അക്കാദമിക മാസ്റ്റർ പ്ലാൻ വിഭാവനം ചെയ്യുന്നത്.

## ലക്ഷ്യങ്ങൾ

*ചുറ്റുപാടും നിരീക്ഷിച്ചു വസ്തുക്കളുടെ സ്ഥലം ,സ്ഥാനം എന്നിവ കണ്ടെത്തുന്നു.

*വസ്തുക്കളുടെ ആകൃതി, വലുപ്പം എന്നിവ താരതമ്യം ചെയ്യുന്നു.

*ഒന്നുമുതൽ അഞ്ചു വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു,എഴുതുന്നു.

*അഞ്ചു വരെയുള്ള എണ്ണത്തെ പകുതി ,തുല്യം ,കൂടുതൽ,കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.

*അഞ്ചിന്റെ വ്യാഖ്യാനം വ്യത്യസ്ത സാധ്യതകൾ എന്നിവ തിരിച്ചറിയുന്നു .

*ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.

*ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ശേഖരിച്ചു ഗണിത കിറ്റ് തയ്യാറാക്കുന്നു.

*TEN FRAME ൽ ഗണിത ക്രിയകൾ ചിത്രീകരിക്കുന്നു

*9 ൽ താഴെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യാ കിട്ടും എന്ന് കണ്ടെത്തി പറയുന്നു


*ഒരക്ക സംഖ്യകൾ എണ്ണിയെടുക്കാനും എഴുതാനും വായിക്കാനും കഴിയുന്നു

*സംഖ്യകളെ ആരോഹണ - അവരോഹണ ക്രമത്തിലാക്കൽ

*രണ്ടു ഒരക്ക സംഖ്യകളുടെ സങ്കലനം (3+5=8)

*രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം (5-3=2)

*ഒരക്ക സംഖ്യാ വ്യാഖ്യാനം



*ഒരക്ക സംഖ്യാ പാറ്റേൺ രൂപീകരിക്കൽ

*ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന (1-20)ലളിതമായ ഗണിത പ്രശനങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുക

## ജൂൺ

*സന്നദ്ധതാ പ്രവർത്തനങ്ങൾ നൽകൽ

*ചിത്രങ്ങൾ നിരീക്ഷിച്ചും വസ്തുക്കൾ താരതമ്യം ചെയ്തും കളികളിൽ ഏർപെട്ടും  വസ്തുക്കളെ താരതമ്യം ചെയ്യുന്നതിന് ഉപയോഗിക്കുന്ന പദങ്ങൾ കണ്ടെത്തുന്നു.

*സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം

*സംഖ്യാ കാർഡ് നിർമ്മിക്കൽ

## ജൂലായ്

*ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു

1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നതിനുള്ള പ്രവർത്തനങ്ങൾ

## ആഗസ്റ്റ്

സംഖ്യാഗാനങ്ങൾ ആസ്വദിക്കുക,വലിയ സംഖ്യാ തിരിച്ചറിയൽ ,ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ ,കൂടുതൽ കുറവ് തിരിച്ചറിയൽ .

## സെപ്റ്റംബർ

* ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത ക്രിയകളിൽ ഏർപ്പെടുന്നു.

* ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകളിൽ ഏർപ്പെടൽ

* ഒന്നിനോട് ഒന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യാ കിട്ടും എന്ന് തിരിച്ചറിഞ്ഞു സംഖ്യാ ഗാനം ആലപിക്കൽ

* ഒറ്റ സംഖ്യകൾ ഇരട്ട സംഖ്യകൾ തിരിച്ചറിയൽ

## ഒക്ടോബർ

* ഗണിത പ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കാൻ വർക്ക് ഷീറ്റ് നൽകുന്നു

## ഡിസംബർ

* സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതൽ

* ഗണിത ആൽബം തയ്യാറാക്കൽ

* സംഖ്യകളെ സുന്ദരിയാക്കൽ വർക്ഷീറ്റ് പ്രവർത്തനങ്ങൾ നൽകുന്നു


* രണ്ടക്ക സംഖ്യയും ഒരക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ

{10-1=9 10-2=8 10-3=7 10-4=6 }

## ജനുവരി

* സങ്കലനം വ്യവകലനം ,+,-തിരിച്ചറിവ് നേടുന്നു

* സംഖ്യാ വ്യാഖ്യാനത്തിലേക്കു കടക്കുന്നു 1-10 വരെയുള്ള സംഖ്യകൾ




## ഫെബ്രുവരി

* സംഖ്യഗാന ആൽബം തയ്യാറാക്കൽ

* ഗണിതകിറ്റ് പ്രവർത്തനങ്ങൾ ചെയ്യുന്നു

* വില വിവര പട്ടിക -പ്രശ്ന വിശകലന ക്രിയകളിൽ ഏർപ്പെടൽ

* ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ

## മാർച്ച്

* സംഖ്യകളുടെ പകുതി,തുല്യം തിരിച്ചറിയൽ പ്രവർത്തനങ്ങൾ ഗണിതകിട്ടിലൂടെ  സാധ്യമാക്കൽ

* ഗണിതാശയങ്ങൾ ഉൾപ്പെടുത്തി വിവിധ തരം വർക്ഷീറ്റുകൾ നൽകൽ

* ലളിതമായ ഗണിത ക്രിയകളിൽ ഏർപ്പെടൽ

* ഐസിടി സാധ്യതയിൽ ഗണിത പ്രവർത്തനങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ

# ACADEMIC MASTER PLAN

## ENGLISH

### INTRODUCTION

The goal of Academic Master Plan is enable the first grader to handle English fluently. The first grader must go from small words to big words. The first grade children must learn English through the steps of listening,speaking,reading and writing individually. They have to learn simple sentences from their teachers and friends. Oral presentation and picture reading also helps them .The teacher should practice teacher talks. We can use motherese but avoid translation method of each sentences to mother tongue. Use simple English and enable the children to use English in their life,in all situations. Nobody can speak English as fluent as their mother tongue. We should enable them to speak English . We have to English close to our heart.

The Academic Master Plan is designed to ensure that not a single child goes illiterate. Care must be given to provide opportunities to the learners to listen English language ,engage in graphic reading and writing.

**Aim**

To ensure that not even a single child goes illiterate.

## *Objectives and Learning Outcomes*

**All learners get interested in english learning.*

**All learners should engage in games and group level activities.*

**Listen to narratives and teacher talks and show signs of understanding verbally.*

**Able to comprehend the instructions of the teacher and respond accordingly.*

**Familiarise English words denoting vehicles,animals and birds.*

**All learners are able to associate with the elicited text with those in the TB*

**Familiarise with words denoting position (has/have)*

**Familiarise with phatic communication,expressions such as Hello,I am sorry,thank you,bye ,etc.*

**Able to describe familiar objects orally standing physical attributes such as size ,colour ,etc.*

**familiarise with words denoting colours and numbers(1-20)*

**Familiarise with rhythm and the pattern of the sounds*

**Able to read conversations ,songs,simple descriptions graphically.*

**Construct dialogues related to specific corner using fragmentary expressions or mixed with mother tongue.*

**Able to read,write and speak English without fear.*

*The first graders must be able to read,write and speak English .Every child should be able to present in English fluently like Malayalam.*

*Academic Master Plan is decide to ensure that not a single child goes illiterate*

| **AIM** | **ACTIVITIES** | **SUPPORT** | **MONTH** | **RESOURCES** |
|---|---|---|---|---|
| **Listening skills** | **Picture reading,introduces simple words ,provides picture cards,respond to simple instructions in the class room.** | **Parents Teachers Friends** | **June July** | **S R G** |
| **Speaking** | **Descriptions about** | **Teachers** | **August** | **S S A** |

| | | | | |
|---|---|---|---|---|
| Skills | pictures and objects orally<br>Enjoy songs and sings them with rhythm and action<br>identify similar and familiar words .Say familiar words | Parents<br>Friends | September<br>October | SMC<br><br>PTA |
| Reading Skills | Reading breaking news ,find out word familiar words fro reading materials .Rhyming words | Friends | November<br>December<br>January | parents |
| Writing Skills | Make word web ,picture | | February | |
| | Description,word chain, Storytelling,Riddles, conversation, Descriptions | | March | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## STD 2 മലയാളം

### ആമുഖം

പൊതു വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി കുട്ടികളുടെ അക്കാദമികവും കായികപരവും ആയ പ്രവർത്തനങ്ങളിൽ തല്പരരാക്കാനും ഉതകുന്ന വിധത്തിൽ അവരെ മാറ്റിയെടുക്കുക എന്ന ലക്ഷ്യം മുൻനിറുത്തിക്കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ളാൻ തയ്യാറാക്കുന്നത്.ഈ വർഷം രണ്ടാം ക്ലാസ്സിൽ ഭാഷാ വിഭാഗത്തിൽ പരിചയപെടുത്തിയ ക്ലാസ് പത്രം കുഞ്ഞെഴുത്ത് എന്നിവ കൂടാതെ സംയുക്ത ഡയറി റീഡേഴ്സ് തിയറ്റർ പാട്ടരങ്ങ് എന്നിവയും ഉൾപ്പെടുത്തിയാണ് പാഠ്യ പദ്ധതി രൂപീകരിച്ചിരിക്കുന്നത് .ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയേയും മാറ്റുകയും എല്ലാ രീതിയിലും മികവുറ്റവരായി തീരുകയും വേണം എന്ന ലക്ഷ്യത്തോടെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്

### പ്രവർത്തന ലക്ഷ്യങ്ങൾ

*രണ്ടാം ക്ലാസ്സിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ചു സ്വന്തം ഭാഷയും ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്

*എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക

*ക്ലാസ്സിലെ എല്ലാ കുട്ടികളും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര പദങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക

*വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

*ചിത്രത്തെ ആസ്പദമാക്കി സംഭാഷണം ,വിവരണം,കഥ ,കവിത,തുടങ്ങിയ വ്യവഹാര രൂപങ്ങൾ തയ്യാറാക്കുന്നു.

*ആശയം,ഈണം,താളം എന്നിവ പരിഗണിച്ചു വരികൾ കൂട്ടിച്ചേർത്തു കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

*കഥയെ ആസ്പദമാക്കി അഭിനയിക്കാനും അതുവഴി കൂടുതൽ എളുപ്പത്തിൽ പാഠ ഭാഗങ്ങൾ ഗ്രഹിക്കാനും പ്രാപ്തരാക്കൽ

| **പ്രവർത്തന ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** |
|---|---|---|
| രണ്ടാം ക്ലാസ്സിലെ ഓരോ കുട്ടിയും സന്ദർഭത്തിന നുസരിച്ചു സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പി ക്കാനുള്ള ശേഷി | ചിത്രകാർഡ് ഭക്ഷണത്തിനു അവസരമൊരുക്കൽ<br>വായന കാർഡ് നിർമ്മാണം<br>സംയുക്ത ഡയറി<br>കുഞ്ഞെഴുത്തു ഇവ പരിചയപ്പെടുത്തൽ<br>ഭാഷയുമായി ബന്ധപ്പെട്ട ഐസിടി സാധ്യത ഉറപ്പാക്കുന്നു<br>ദിനാചരണവുമായി ബന്ധപ്പെട്ടു വായന എഴുത്ത് എന്നിവയുടെ സാധ്യത ഉറപ്പാക്കുന്നു സ്കൂൾ | ജൂൺ<br>ജൂൺ മുതൽ മാർച്ച് വരെ<br>ജൂലൈ |

| | | |
|---|---|---|
| നേടുന്നതിന് | ലൈബ്രറി ക്ലാസ് ലൈബ്രറി എന്നിവ സജീകരിക്കൽ വായനാദിനം | |
| ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കൽ | റീഡേഴ്സ് തിയറ്റർ (അഭിനയത്തിനും ഒപ്പം കുട്ടികളുടെ സർഗാത്മക വികാസത്തിനും ഉതകുന്നത് )<br>പാട്ടരങ്ങ് (കവിതകൾ ഈണത്തിലും താളത്തിലും ചൊല്ലുന്നതിനും വരികൾ കൂട്ടി ചേർത്ത് എഴുതാനും വളർത്തുവാൻ ഉതകുന്ന തരത്തിൽ ഉള്ളത് | ജൂൺ<br>മുതൽ<br>മാർച്ച് വരെ |
| ചിത്രത്തെ ആസ്പദമാക്കി സംഭാഷണം വിവരണം കഥ തുടങ്ങിയ വ്യവഹാര രൂപങ്ങൾ തയ്യാറാക്കുന്നതിന് | ചിത്ര നിരീക്ഷണം<br>ചിത്രത്തെ സംഭാഷണ രൂപത്തിലാക്കൽ (ചെറു ചോദ്യങ്ങളിലൂടെ )<br>ചിത്രം നിരീക്ഷിച്ചു മനസ്സിലായ കാര്യങ്ങളെ വിവരിച്ചു പറയാനും എഴുതാനും<br>വായന കാർഡുകളുടെ നിർമ്മാണം (രക്ഷിതാക്കളുടെ സഹായത്തോടെ )ഐസിടി സാധ്യത ഉറപ്പാക്കൽ ക്ലാസ് ലൈബ്രറി പ്രവർത്തന ക്ഷമമാക്കൽ | ജൂൺ<br>-മാർച്ച്<br>ആഗസ്റ്റ് |

| | | |
|---|---|---|
| വായന കൂടുതൽ മെച്ചപ്പെടുത്ത ാനുതുടർന്ന് ലേഖനത്തിൽ പുരോഗതി ഉണ്ടാക്കാനും | വായന കാർഡുകൾ വായിച്ചു മനസിലാക്കിയത് ചിത്ര രൂപത്തിലാക്കൽ<br>അതിൽനിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ<br>വായിച്ചാ കഥാരംഗങ്ങൾക്കു രംഗാവിഷ്കാരം ചെയ്യൽ<br>വിവിധ തരത്തിലുള്ള പതിപ്പ് തയാറാക്കാൻ വേണ്ടുന്ന പ്രാവീണ്യം നേടാൻ ക്ലാസ് പത്രം<br>സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു<br><br>വ്യക്തിഗതമാഗസിനുകൾ തയാറാക്കുന്നു | സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ<br>to<br>ഡിസംബർ |
| കുട്ടികളുടെ സർഗാത്മക കഴിവുകൾ പ്രദർശിപ്പിക്ക ാനുള്ള അവസരം നൽകുന്നതി ന് | രചനോത്സവം<br>ക്ലാസ്സ്പത്രം<br>രചനോത്സവത്തിന് കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ ഉപയോഗിച്ച് കഥ , കവിത , വിവരണം , ഡയറി , തുടങ്ങി എല്ലാം ഉൾപ്പെടുത്തി കൊണ്ട് രചനോത്സവം നടത്തുന്നു . | ജനുവരി to മാർച്ച് |

| | | |
|---|---|---|
| | ക്ലാസ്സ്പത്രം ഉദ്ഘാടനം പ്രദർശനം .<br><br>വായനോത്സവം .<br><br>പഠനോത്സവം .<br><br>പഠനോത്സവം കുട്ടികളുടെ മികവുകൾ രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ<br><br>ഒരുവർഷത്തെ എല്ലാ മികവുകളും പ്രദർശിപ്പിക്കുന്നു . | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## *ഗണിതം*

## STD - 2

### ആമുഖം

ഗണിതപഠനം വളരെ രസപ്രദവും ആസ്വാദ്യകരവുമായി കുട്ടികൾക്കനുഭവപ്പെടണം എന്ന ലക്ഷ്യബോധത്തോടെയാണ് വിദ്യാഭ്യാസവകുപ്പ് പുതിയ പാഠ്യപദ്ധതിയിലും പാഠപുസ്തകത്തിലും പരിവർത്തനംകൊണ്ട് വന്നിരിക്കുന്നത് . ഈ മാറ്റങ്ങളെ പ്രയോജനകരമായ രീതിയിൽ ഉൾക്കൊണ്ട് ഗണിതപ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ കുട്ടകളിൽ ഗണിത ബോധം ഉണ്ടാക്കുകയും താല്പര്യപൂർവം എല്ലാ പ്രവർത്തനങ്ങളും ചെയ്യാൻ കുട്ടി പ്രാത്പരാക്കുകയും ചെയ്യുന്നു .

### പ്രവർത്തന ലക്ഷ്യങ്ങൾ

*രണ്ടാം ക്ലാസ്സിലെ കുട്ടിയെ 200 വരെയുള്ള സംഖ്യാബോധം , സംഖ്യകളെ വ്യാഖ്യാനിക്കാനും ,സങ്കലനം ,വ്യവകലനം ,പ്രശ്നാപഗ്രഥനം എന്നിങ്ങനെ ഉള്ള ശേഷി ഉറപ്പാക്കൽ .

*സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന് .

*ഗണിതകിറ്റ് ഉപയോഗിച്ച ഗണിതാശയങ്ങൾ ഉറപ്പിക്കൽ .

*ഒരുനിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു [200-ൽ താഴെ ] .

*ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ .

*പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു .വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ .

## മുന്നൊരുക്കം

ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു .

## പ്രവർത്തനലക്ഷ്യം

പ്രായോഗികഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു . വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

### ജൂൺ

***1,2,3,4,. . . . . . .***

***1,3,5,7,. . . . . . .***

***10,20,30,40,. . . . . .***

***5,10,15,20,. . . . . .***

***2,4,6,8,. . . . . .*** തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാവബോധം കണ്ടെത്തൽ .

ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും , ഒന്നു കുറച്ചാൽ തൊട്ടു മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ

## ജൂലൈ

*ഒരുകൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽ പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടം തുടർച്ചയായി എണ്ണി അകെ എണ്ണം പറയൽ

*ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ

*പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ

(5+5=10,10+10=20)

## ആഗസ്റ്റ്

*വിവിധ പാറ്റേണുകൾ രൂപീകരിക്കുന്നു

*സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തുന്നു

(10 പത്തുകൾ ചേർന്നാൽ 100 ആകും

100 ഒന്നുകൾ ചേർന്നതാണ് 100)

*ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയങ്ങളിൽ ഉൾപെടുത്താൻ കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

## സെപ്റ്റംബർ

*ഗണിത പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ

*വില വിവര പട്ടിക തയ്യാറാക്കൽ

*ക്ലാസ്സിൽ ഒരു കട, സ്കൂളിലൊരു കട - ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കുന്നു

## ഒക്ടോബർ

*രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ

*സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ

(പാറ്റേണിലെ സംഖ്യകൾക്കു തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ ,പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ )

5....10...15...20...25..(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം )

## നവംബർ

*സ്ഥാന വില തിരിച്ചറിയൽ (ഒന്ന്,പത്ത് )

*പ്രായോഗിക പ്രശ്ന പരിഹാരത്തിനായി കളിനോട്ടുകൾ പേപ്പർ വെട്ടി തയ്യാറാക്കുന്നു .സംഖ്യാ എഴുതുന്നു

*ക്ലാസ്സിനൊരു കളിയിലൂടെ പ്രശനം നിർദ്ധാരണം ചെയ്യൽ

*നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ കൂട്ടിച്ചേർത്തു സംഖ്യാ രൂപീകരിക്കൽ

10 രൂപ +5 രൂപ=15 രൂപ

നോട്ട് നാണയം

## ഡിസംബർ

*സംഖ്യാബോധം തിരിച്ചറിയൽ -സംഖ്യാ ബോധം ഉറപ്പാക്കൽ

*സ്ഥാന വില പ്രശനം പരിഹരിക്കുന്നതിനായി സ്ഥാന വില പോക്കറ്റ് അബാക്കസ് നിർമ്മാണം

*രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താൻ വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു

## ജനുവരി

*വില വിവര പട്ടിക തയ്യാറാക്കൽ.

വിവരങ്ങൾ ക്രോഡീകരിച്ചു പട്ടികപ്പെടുത്തൽ ,പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ ,പ്രശനം നിർദ്ധാരണം ചെയ്തു കണ്ടെത്തൽ രീതികൾ

*സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ

## ഫെബ്രുവരി

*ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ

*ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

## മാർച്ച്

*കലണ്ടർ ,പതിപ്പ് തയ്യാറാക്കൽ കാലിൻഡറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ് . മാസ ത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ .

*കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ .

*കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ .

*ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക

# ACADEMIC MASTER PLAN

## ENGLISH

## STD 2

**Aim** : To speak ,read and write English without any mistakes.

Time : June,July,August

### * June

Pretest

To develop listening skills and reading skills first.

- ➔ **Listening skills**

  Games,Action songs,Hello English

- ➔ Activities- conversations,skit stories,use ICT
- ➔ **Speaking Skills**

  Description ,growing sentences,picture reading picture description, self introduction Assembly

- ➔ Activities -speech,book review,quiz riddles,self introduction,school

radio etc.

### * July and August

- **Reading skills**

Newspaper reading,library books reading,book review,reading breaking

news,find words collect and read past tense,rhyming words,describing words

etc.

- **Writing skills**

Make word web,picture description,word chain sentence chain,make words

and sentences,make riddles,conversations,add more lines,develop story,

description,notice proclamation,diary letter,announcement,magazines

## * September

Develop the creative speaking and writing

➢ **Reading skills**

- Newspaper reading,library books,breaking news
- Find words
- Collect and read past tence
- Rhyming words
- Describing words  etc
- Text book activities

➢ **Writing skill**

- Make word web
- Picture description with describing words
- Word chain sentences
- Make words and sentences

- Make riddles,conversations
- Add more lines
- Activities
  - Speech
  - Quiz
  - Riddles
  - Self introduction
  - Make descriptions
  - Magazines

## * October and November

To express thoughts,feelings etc

### ➔ Reading skills

* Newspaper reading , library book reading
* Conversation , skit , stories , Use ICT materials
* read breaking news
* Develop story
* Read notice

### ➔ Writing Skills

* Description
* Notice

*Thought

➔ Activities : speech, Quiz, Riddles, Make magazines, Skits etc.

## * December & January

Develop the creative speaking and writing to express thoughts , feelings etc.

### Reading skills

* Newspaper readings, library books readings
* Conversations, skit , use ICT materials
* Read breaking news
* Develop story
* Reads diary

*Reads letter from friends

### ➔ Writing skills

* Diary
* Letter
* Announcement

➔ Activities : Speech, Quiz, Ridles, Make magazines, Post office , etc.

## * February and March

To improve the presentation power

### ➔ Reading skills

* Newspaper reading , Library books reading
* Conversations , skit , stories , Use ICT materials

* Read breaking news

* Develop story

*Reads letters from friends

→ **Writing skills**

* Diary

*Letter

* Announcement

* Description

*Thought

→ Activities

Speech, Quiz, Riddles, Make Magazines, Skits, Classroom, post office, Exhibition etc.

# അക്കാദമിക് മാസ്റ്റർപ്ലാൻ

## ക്ലാസ് 3 2025-2026

# മലയാളം

## ആമുഖം

കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ആഗ്രഹിക്കുന്നത്.കുട്ടികളുടെ ശാരീരികവും മാനസികവും വൈജ്ഞാനികവുമായ നേട്ടങ്ങൾ കൈവരിക്കുന്നതിനാവശ്യമായ ഇടപെടലുകളാണ് നാം ലക്ഷ്യമിടുന്നത് .ഈ വർഷം ജൂൺ മുതൽ അടുത്ത മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതിനും വിവിധ സാധ്യതയുള്ളതുമായ പദ്ധതികളാണ് ഇവിടെ ആസൂത്രണം ചെയ്യുന്നത് .

## ലക്ഷ്യം

*ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും തെറ്റില്ലാതെ വായിക്കുവാനും എഴുതുവാനും പഠിപ്പിക്കൽ (ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ )

*അപരിചിത പദങ്ങൾ ,പ്രയോഗങ്ങൾ എന്നിവയുടെ അർത്ഥവും ആശയവും സന്ദർഭങ്ങളിൽ നിന്നും നിഘണ്ടു നോക്കിയും കണ്ടെത്തുക .പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുക.

*സാഹിത്യ രചനകൾ വായിച്ചു കേട്ടും വായിച്ചും ആശയം ഗ്രഹിച്ച് ആസ്വദിക്കുക .ആസ്വദിച്ച കാര്യങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ രസകരമായി അവതരിപ്പിക്കുക

*വാർത്തകൾ കെട്ടും വായിച്ചും വിശകലനം ചെയ്തും സ്വന്തം പ്രതികരണം ,ചർച്ച,അഭിപ്രായ പ്രകടനം,പോസ്റ്റർ എന്നീ വ്യവഹാര രൂപങ്ങളിലൂടെ രസകരമായി അവതരിപ്പിക്കൽ

*തൊഴിലുമായി ബന്ധപ്പെട്ട വിവരണം ,പണിപാട്ടുകൾ ,കവിത എന്നിവ വായിച്ചുംചൊല്ലികേട്ടും സ്വയം വായിച്ചും ചൊല്ലിയു ആശയം സൗന്ദര്യാംശം കണ്ടെത്തി ആഹ്ലാദിക്കുക .

മുന്നൊരുക്കം

*പ്രീ ടെസ്റ്റ് നടത്തുന്നു .എല്ലാ തലങ്ങളിലുമുള്ള കുട്ടികളെ കണ്ടെത്തുന്നു.

*കുട്ടിയുടെ നിലവിലുള്ള അവസ്ഥ കഴിവുകൾ പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു .

**ജൂൺ ജൂലൈ**

*നാടൻ പാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉള്ളത് )

*പഴഞ്ചൊല്ലു ശേഖരണം

*കഥ ശേഖരണം.ക്ലാസ് ലൈബ്രറി നവീകരണം

*നാടൻ പാട്ടിലേയും കവിതയിലേയും താളം

*കഥോത്സവം

*കടങ്കഥകൾ ശേഖരണം കടങ്കഥ പാട്ടുകൾ ,കടങ്കഥ പയറ്റ് ,കടങ്കഥ പതിപ്പ്

*കലയിലെ കേമൻ -കലാകാരനെ പരിചയപ്പെടാം അഭിമുഖ സംഭാഷണം

*കലാരൂപങ്ങൾ വേഷ വിധാനം ചിത്ര ശേഖരണം ആൽബം.

*പാവ നാടകത്തെ അടുത്തറിയാം ശില്പ ശാല

## ആഗസ്റ്റ് -സെപ്റ്റംബർ

*കുട്ടികൾ വരച്ചചിത്രങ്ങൾ ഉള്ള പുസ്തകങ്ങൾ ക്ലാസ്സ്' ലൈബ്രറിയിൽ ഒരുക്കി വയ്ക്കൽ

*ക്ലാസ്സ്ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കി വയ്ക്കൽ

*നാടക ശില്പശാല

*റോൾപ്ലേ അവതരണങ്ങൾ

*ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരിക്കൽ

*പലഹാര മേള -പാചക കുറിപ്പ് തയ്യാറാക്കൽ

കത്തുകൾ -മാതൃകകൾ

ഹരിത കർമ്മ സേന അംഗങ്ങളുമായി അഭിമുഖം

സ്കൂൾ പത്രം

സി പി ടി എ ഒന്നാം മികവുത്സവം

നാടോടിക്കഥകളുടെ അവതരണം

പാവനാടകം അവതരണം

ഒക്ടോബർ

കൃഷിയിടം സന്ദർശനം

കൃഷിപ്പാട്ടുകൾ കൃഷി ചൊല്ലുകൾ അവതരണം

നാടൻപാട്ട് ശില്പ ശാല

കുട്ടികളികൾ -കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം

# ക്ലാസ് 3 ഗണിതം

## ആമുഖം

ഒന്ന് രണ്ടു ക്ലാസ്സിലെ അറിവുകൾ സ്വായത്തമാക്കി വ്യക്തമായ ധാരണയോടും ശേഷികൾ കൈവരിച്ചതുമാണ് മൂന്നാം ക്ലാസ്സിലെ കുട്ടികൾ.ആയതിനാൽ അവരിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവത്തനങ്ങൾക്കു തന്നെയാണ് കൂടുതൽ സാധ്യത ഒരുക്കേണ്ടിയിരിക്കുന്നത് . ഗണിത വിഷയത്തിന് പ്രാധാന്യം നൽകുന്ന കർമ്മ പദ്ധതി രൂപകൽപന ചെയ്യേണ്ടതുണ്ട് . കുട്ടികളിൽ തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കാൻ ഈ ദൗത്യം കൊണ്ട് സാധിക്കേണ്ടതാണ് . രൂപങ്ങളുടെ വശങ്ങളുടെയും മൂലകളുടെയും സവിശേഷതകൾ അളവുകൾ ഉപയോഗിച്ചുള്ള നിർമ്മിതി തുടങ്ങിയ ശേഷികൾ യുക്തിചിന്ത വിശകലനാത്മക ചിന്ത പ്രശ്നപരിഹരണം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുന്നതിനു ജ്യാമിതി സഹായകരമാണ്.

ലക്ഷ്യങ്ങൾ *മുഴുവൻ കുട്ടികൾക്കും 1 മുതൽ 1000 വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുക

*നിത്യജീവിതത്തിലെ വിവിധ ആവശ്യങ്ങൾ കളികൾ എന്നിവയുടെ ഭാഗമായി ജ്യാമിതീയ രൂപങ്ങൾതിരിച്ചറിയുന്നു .തരം തിരിക്കുന്നു.

*നിത്യ ജീവിത സന്ദര്ഭങ്ങളുടെ ഭാഗമായും കളികളുടെ ഭാഗമായും 1000 വരെയുള്ള സംഖ്യകൾ വ്യാഖ്യാനിച്ചു പ്രശ്ന പരിഹരണം നടത്തുന്നു.

*പ്രായോഗിക പ്രശ്നങ്ങളിൽ ഇടപെട്ടു 1 മുതൽ 1000 വരെയുള്ള സംഖ്യകൾ വായിക്കുകയും അക്കത്തിലും അക്ഷരത്തിലും എഴുതുകയും ചെയ്യുന്നു.

*നിത്യ ജീവിതത്തിൽ നീളം കൃത്യമായി മനസ്സിലാക്കാനും വരയ്ക്കാനും സാധിക്കുന്നു തരത്തിൽ പ്രായോഗിക അനുഭവങ്ങൾ നൽകി ശേഷികൾ ഉറപ്പിക്കുന്നു.

മുന്നൊരുക്കം

*പ്രീ ടെസ്റ്റ് നടത്തുന്നു.എല്ലാ തലങ്ങളിലുമുള്ള കുട്ടികളെ കണ്ടെത്തുന്നു.

*കുട്ടിയുടെ നിലവിലുള്ള അവസ്ഥ കഴിവുകൾ പരിമിതികൾ എന്നിവ CPTA നടത്തി എല്ലാമാസവും കുട്ടിക്ക് പിന്തുണ ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

# പ്രവർത്തനങ്ങൾ

## ജൂൺ

*പ്രവേശനോത്സവം

*ആശംസ കാർഡ്

*തോണിയിൽ എന്തൊക്കെ

*ടൈലിലെ ചിത്രങ്ങൾ

*ചുറ്റുപാടും കാണുന്ന രൂപങ്ങൾ

*രൂപങ്ങൾ ഉണ്ടാക്കാം

## ജൂലൈ

*തോരണം നിർമ്മാണം ,തോണി നിർമ്മാണം

*വെജിറ്റബിൾ പ്രിന്റിങ്

*ചതുരം,വട്ടം,ത്രികോണം എന്നീ രൂപങ്ങൾ ചേർത്തുവച്ചു ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു

## ജൂലൈ ഓഗസ്റ്റ്

*ഓരോ കുട്ടിക്കും കണക്കു പെട്ടി ,ഗണിത ശില്പ ശാല

*1 മുതൽ 100 വരെ എഴുതിയ ടോക്കൺ

*കളിനോട്ടുകൾ

*ഓരോ നോട്ടുകളും 10 എണ്ണം വീതം

*കമ്പു കെട്ടുകൾ

*സംഖ്യാ സ്ട്രിപ്പുകൾ

*അബാക്കസ് നിർമ്മാണം

### ആഗസ്റ്റ് - സെപ്റ്റംബർ

*പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം

*സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കുന്നു.

*100 വീതം കൂട്ടി ആയിരം വരെ പറയുന്നു എഴുതുന്നു

*സംഖ്യാ ചക്രം കറക്കി രണ്ടു സംഖ്യകൾ തിരഞ്ഞെടുക്കുകയും അവ തമ്മിലുള്ള സങ്കലനം വ്യവകലനം കണ്ടെത്തുന്നു

ക്രിയ ചെയ്യുന്നു.

## ഒക്ടോബർ

*സ്കെയിൽ നിർമ്മാണം

*കുട്ടികളുടെ ഉയരം വണ്ണം തൂക്കം

*ഉയരം എത്ര

*ചുറ്റും അളക്കാം

*തീവണ്ടിക്കളി

*തുല്യമായി നീളം

## നവംബർ ഡിസംബർ

*ഗുണന വസ്തുത കാർഡ് നിർമ്മാണം

# പരിസര പഠനം

## ആമുഖം

കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവർത്തനങ്ങളിൽ തന്നെയാണ് കൂടുതൽ സാധ്യത ഒരുക്കേണ്ടത്.

പരിസര പഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നല്കുന്ന പ്രവർത്തനങ്ങൾ കണ്ടെത്തേണ്ടതുണ്ട്.

പരീക്ഷണ നി രീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെ ട്ട കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തേണ്ടത് നമ്മുടെ കടമയാണ്.

സഹജീവി സ്നേഹം,അലിവ്,ആർദ്രത സഹിഷ്ണുത , അനുകമ്പ ദയ എന്നിങ്ങനെയുള്ള മനോഭാവങ്ങൾ വളർത്തി കുട്ടികളെ ഉത്തമ പൗരന്മാരാക്കി മാറ്റുക

## ലക്ഷ്യങ്ങൾ

*മുഴുവൻ കുട്ടികൾക്കും പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക

*കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക

*ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക

*പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു ശാസ്ത്രീയ മനോഭാവം വളർത്തുക

പ്രവർത്തന പദ്ധതികൾ

## ജൂൺ -ജൂലൈ

*പ്രീ ടെസ്റ്റ് അവലോകനം

*പ്രകൃതി നടത്തം

*സസ്യങ്ങൾ നിരീക്ഷിക്കാൻ,പ്രത്യേകതകൾ മനസ്സിലാക്കൽ

*ജൈവ വൈവിധ്യ ഉദ്യാനം വിപുലീകരിക്കൽ

## ജൂലൈ ആഗസ്റ്റ്

*ചുറ്റുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കൽ

*ആഹാര രീതികൾ ,സഞ്ചാര രീതി

*കടൽ ജീവികൾ

*ചിത്ര ശലഭം ജീവിത ചക്രം

*ജീവികളുടെ ശരീരത്തിന്റെ സവിശേഷത

## ആഗസ്റ്റ് സെപ്റ്റംബർ

*മഴയ്ക്ക് ശേഷമുള്ള പ്രകൃതി നിരീക്ഷണം

*മഴ മാപിനി നിർമ്മാണം

*ജല സ്രോതസ്സുകൾ

*ജലമില്ലെങ്കിൽ ചർച്ച

*ജലശുദ്ധീകരണം പരീക്ഷണം

## ENGLISH

| Learning Objectives | Activities | Activity Details | Duration |
|---|---|---|---|
| Know your English | Pretest | To find out the improvement and limitations of children.<br>Activity package to overcome the limitation | June2nd – 2nd week |
| Remedial Teaching | Word Card<br>Sentence Card<br>Picture Descriptions<br>Reading Card | Teacher shows word cards,sentence cards and pictures.<br>Discussion<br>Children talk about the word cards and pictures.<br>Slow learners-:<br>Give opportunities to express their ideas in Malayalam | June-August |
| English Assembly | English Assembly twice in a month | Conduct an English Assembly - prayer,Pledge,News,Speech,Thought of the day | June-March |
| World of words | Word bank<br>Dictionary | Build a personal reference of key vocabulary<br>Introducing the dictionary<br>Arranging Words in alphabetical order | July-march |
| Add more exchange to the conversations | Conversations<br>Speech Bubbles | Reading the conversations conversation is with friends.<br>And more exchange the conversations<br>add contextually relevant expressions | July-March |
| Identifies Rhyming Words from | Rhyming words<br>Digi task | Play the Audio of songs<br>Let the learner sing after the audio. | July-September |

| | | | |
|---|---|---|---|
| the poem | | Discussions<br>Identifies rhyming words | |
| Add line to a poem | Add more lines<br>Digi Task | Plays the audio of the song<br>Let the learner sing after the audio<br>Add lines to the poem | |
| Make simple riddles | Riddles<br>Read and rejoice | Make simple riddles<br>Give children the opportunity to hear and answer simple riddles | August-March |
| Undertakes simple project work given | Project work | Give instructions,data collection,codifying | October-March |
| To write and grow | Diary<br>Puzzles<br>Articles<br>Magazines | Diary writing<br>Intruduce puzzles<br>Make their own articles<br>Publishing magazines with student articles | June-March |
| English Club | Poem<br>Stories<br>Speech<br>Drama | Introduce poets and famous writers<br>presentpoems,Stories and speech<br>Drama-Related to text book | June to March |
| Workshop | Workbook<br>Magazines | Develop work book related to each unit.<br>Making Magazines | Once in an year |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 4

## മലയാളം

### ആമുഖം

2025 -26 അധ്യയന വർഷത്തിൽ  നാലാം തരത്തിൽ ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കുന്നതിന് അനുയോജ്യമായ പ്രവർത്തനങ്ങൾക്കാണ് പ്രാധാന്യം നൽകിയിരിക്കുന്നത്. പഠന പ്രവർത്തനങ്ങളിൽ ശിശു സൗഹാര്ദപരവും കൂടുതൽ ആസ്വാദ്യകരമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പു വരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

| പഠന ലക്ഷ്യങ്ങൾ | പ്രവർത്തനം | വിശദീകരണം | കാലയളവ് |
|---|---|---|---|
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | മധുരം മലയാളം | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പരിശീലനം നൽകൽ | വർഷം മുഴുവൻ |
| വായനശേഷി വളർത്തൽ | വായിക്കാം വളരാം | ക്ലാസ് ലൈബ്രറി ഒരുക്കൽ വായനാ കൂട്ടം, രചന പരിചയ കുറിപ്പ്,വായനകുറിപ്പു | വർഷം മുഴുവൻ |
| എഴുത്തു പരിപോഷിപ്പിക്കൽ | എഴുതാം തെളിയാം | വായന കാർഡ് നോക്കി നോട്ട് ബുക്കിൽ എഴുതൽ ,കുറിപ്പ് തയ്യാറാക്കൽ | വർഷം മുഴുവൻ |
| ലഭ്യമായ വാദ്യോപകരണങ്ങൾ ഉപയോഗപ്പെടുത്തി | കാവ്യോത്സവം | ഈണം കണ്ടെത്തുന്നു ,തലത്തിലെ കൊട്ടി പാടുന്നു ,ക്ലാസ് pta | ആദ്യത്തെ 1,2 |

| | | | |
|---|---|---|---|
| പാട്ടുകൾ കവിതകൾ എന്നിവ ഒറ്റക്കും സംഘമായും ചൊല്ലുന്നതിനു | | അവതരണം ,പഠനോത്സവത്തിൽ ഉൾപ്പെടുത്തൽ | പാഠഭാഗം |

| | | | |
|---|---|---|---|
| കുട്ടികളുടെ സ്വതന്ത്ര രചന ശേഷി വർധിപ്പിക്കുന്നതിനും ഭാഷാപരമായ പ്രശ്നങ്ങൾ പരിഹരിച്ചു മുഴുവൻ കുട്ടികളെയും വായനയുടെയും എഴുത്തിന്റെയും ഉടമകൾ ആക്കുന്നതിനു | കാവ്യാവിഷ്കാരം | കുട്ടിക്ക് ഇഷ്ടമുള്ള പാഠപുസ്തകത്തിലെ കവിതകൾ ദൃശ്യാവിഷ്കരിക്കുന്നു.<br>പാഠപുസ്തകത്തിലെ കവിതകൾക്ക് പുതിയ ഈണങ്ങൾ കണ്ടെത്തുന്നു.<br>അവതരിപ്പിക്കുന്നു. | ജൂൺ - മാർച്ച് |
| തന്റെ അനുഭവങ്ങൾ സർഗ്ഗാത്മകമായ ആവിഷ്കരിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നതിന് | സർഗ്ഗാത്മക ഡയറി | പാഠഭാഗത്തെ സാധ്യതയുള്ള ചിത്രങ്ങൾ ഏതെല്ലാം -സാധ്യത കണ്ടെത്തുന്നു<br>കാഴ്ചകൾ നൽകി ചിത്ര രചന നടത്തുന്നു.<br>രചനകളെ വ്യത്യസ്ത വ്യവഹാര രൂപത്തിലേക്ക് മാറ്റുന്നു.<br>പതിപ്പ് തയ്യാറാക്കൽ CPTA പ്രദർശനം | ജൂൺ - മെയ് |
| അക്ഷര സ്ഫുടത യുടെയും ആശയ വ്യക്തതയോ ടെയും ഉള്ള വായന | റീഡേഴ്സ് തിയറ്റർ<br>കവിത പൂർത്തിയാക്കൽ, അവതരിപ്പിക്കൽ | കവിത പൂർത്തിയാക്കാൻ അവസരം ,വരികൾ കൂട്ടി ചേർക്കൽ,ഈണം കണ്ടെത്തൽ,<br>കഥകളിലെ കഥ പാത്രങ്ങളായി കുട്ടികൾ | ജൂൺ - സെപ്റ്റംബർ |

| | | | |
|---|---|---|---|
| | | പുനരവതരണം നടത്തുന്നു. | |
| കവിത,കഥ എന്നിവ കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു. | കഥ കാണാം എഴുതാം<br><br>സർഗ്ഗാത്മക രചന | ഐസിടി ഉപയോഗിച്ച് കഥ കാണാൻ അവസരം ,കണ്ട കഥ സ്വയം എഴുതുന്നു.<br><br>കഥ മെച്ചപ്പെടുത്തി അവതരിപ്പിക്കുന്നു.കൂട്ടി ച്ചേർക്കലുകൾ നടത്തുന്നു.<br><br>ഇഷ്ടമുള്ള കഥാപാത്രങ്ങളെ ഉൾപ്പെടുത്തി സ്വയം കഥ എഴുതുന്നു. | ജൂൺ - ഒക്ടോബർ |
| | ക്ലാസ് റൂം ലൈബ്രറി | വായനകുറിപ്പ് | ആഗസ്റ്റ് - മാർച്ച് |

# ENGLISH

| Learning objectives | Activities | Activity Details | Duration |
|---|---|---|---|
| Know your english | Pre test | To find out the improvement and limitations of children<br>Activity package to overcome the limitations | June 1st,2nd week |
| Remedial Teaching | WordCard<br>Sentence cards<br>Reading Card preperation<br>Picture Description | Teacher shows word cards sentence cards and pictures<br>Discussions<br>Childern talk about the word cards and pictures<br>Slow learners:Give opportunity to express theirideas in Malyalam | June-August |
| English Assembly | English Assembly once in a week | Conduct an English Assembly-Prayer,Pledge,News,Speech, Thought of the day | June-March |
| Add more exchange tothe conversation | Conversatio ns<br>Speech bubbles | Reading the conversations coversation is acting with friends<br>Add more exchange to the conversation<br>Add contextually relevant expressions | July-March |
| Add lines to a poem | Add more lines<br>Digi Tasks | Plays the audio of the song discussion<br>Add lines to the poem | July – Decembe r |

| | | | |
|---|---|---|---|
| Makes simple Riddles | Riddles | Give children opportunity to hear and answer simple riddles<br>make simple riddles | August-March |
| Undertakes simple project works given | Project works | Give instructions<br>Data collection<br>Codifying | October - March |
| To write and grow | Diary<br>Puzzles<br>Articles<br>Magazines | Diary writing<br>Introduce puzzles<br><br>Make their own articles | June<br>March<br><br>February |
| English club | Poem<br>Stories<br>Drama<br>Speech<br>Roleplay | Introduce poets and famous writers<br>Present poem stories and speech<br>Drama-Related to book<br>Roleplay-Related to book | June-March |
| workshop | Workbook<br>Magazine | Develop workbook related to each unit<br>making magazines | Once in an Year |

# പരിസരപഠനം

| പഠനലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | വിശദീകരണം | കാലയളവ് |
|---|---|---|---|
| നിരീക്ഷണം<br><br>അറിവ് നിർമ്മാണം<br>പരിസ്ഥിതി<br>മനോഭാവം | ഫീൽഡ് ട്രിപ്പ്<br><br>പ്രകൃതി നടത്തം | ജീവ ജാലങ്ങളെ നിരീക്ഷിക്കാൻ<br><br>പ്രത്യേകതകളെ മനസ്സിലാക്കൽ<br><br>വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയൽ<br><br>ജീവികളുടെ പരസ്പര ആശ്രയത്വം ചർച്ച<br><br>മലിനീകരണ പ്രശനം മനസ്സിലാക്കൽ<br><br>തെറ്റും ശരിയും ചർച്ച | ജൂൺ<br><br>ഒക്ടോബർ |
| | സാൻഡ് ട്രേ | ആവാസ വ്യവസ്ഥകൾ കുറിച്ച് മാസ്സിലാക്കുന്നതിനു സാൻഡ് ട്രേ നിർമ്മാണം | ജൂൺ |
| | പൂന്തോട്ടം ഒരുക്കാം | വീട്ടിൽ പൂന്തോട്ടം ഒരുക്കൽ സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ | ജൂൺ<br><br>മാർച്ച് |
| | ഒരു തൈ നടാം | വൃക്ഷതൈ നടൽ നട്ട വൃക്ഷ തൈ പരിപാലിക്കൽ | ജൂൺ മാർച്ച് |

| | | | |
|---|---|---|---|
| | പോസ്റ്റർ നിർമ്മാണം | സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ ,പരിസര ങ്ങളിൽ<br><br>പതിക്കൽ | ജൂൺ |
| വ്യക്തി ശുചിത്വം<br><br>പരിസര ശുചിത്വം | ദിന കൃത്യങ്ങൾ | ഓരോ ദിവസവും പ്രഭാത കൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിൽ ഉറപ്പിക്കുന്നു | ജൂൺ മാർച്ച് |
| | നമ്പർ വൺ | ക്ലാസ് തല ശുചിത്വ മത്സരം | ജൂലൈ മാർച്ച് |
| | പരിസര നടത്തം | പരിസരത്തെ മലിനീകരണ പ്രശനം അറിയൽ | ജൂൺ<br><br>ഡിസംബർ |
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തൽ | ഫീ ൽഡ് ട്രിപ്പ്<br><br>പരീക്ഷണം<br><br>ശാസ്ത്രജ്ഞനോടൊപ്പം | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ<br><br>പരീക്ഷണങ്ങളിൽ ഏർപ്പെടൽ<br><br>ക്യാമ്പ്<br><br>മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കൽ | ഡിസംബർ<br><br>ഫെബ്രുവരി |
| ഭൂപട വായന<br><br>സൂചിക | ഭൂപടം ഒരുക്കാം | ഭൂപട വായന<br><br>ഭൂപട രചന | വർഷത്തിൽ ഒരിക്കൽ |

| | | | |
|---|---|---|---|
| പരിചയപ്പെടൽ | | സൂചികാ നിർമ്മാണം | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ശാസ്ത്രോത്സവം | ശാസ്ത്ര പതിപ്പ്<br>ചാർ ട്ട്<br>ആൽബം<br>പഠനോപകരണ പ്രദർശനം | വർഷത്തിൽ ഒരിക്കൽ |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസിക | ശാസ്ത്ര മാസികയുടെ നിർമ്മാണം | വർഷത്തിൽ ഒന്ന് |

# ഗണിതം

| പഠന നേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| സംഖ്യാബോധം<br><br>(1-1000 വരെ സംഖ്യകൾ എണ്ണുന്നു | നറുക്കെടുക്കാം | സംഖ്യകൾ കാർഡ് നൽകുന്നു.<br><br>കിട്ടിയ സംഖ്യാ വായിക്കുന്നു | 1 ആഴ്ച |
| | 10 ചങ്ങാതിമാർ | സംഖ്യാ കാർഡ് എടുക്കുന്നു<br><br>തുടർന്ന് വരുന്ന സംഖ്യകൾ എഴുതുന്നു<br><br>സംഖ്യാ വായിക്കുന്നു | ജൂൺ |
| | പാറ്റേൺ പൂർത്തിയാക്കാം | സംഖ്യാ പാറ്റേൺ പൂർത്തിയാക്കുന്നു<br><br>ആരോഹണ അവരോഹണ ക്രമത്തില് എഴുതുന്നു | ജൂൺ ആഗസ്റ്റ് |
| മൂന്നക്ക /നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കൽ | കൂട്ടങ്ങളാക്കാം | കാളി നോട്ട് ഉപയോഗിച്ച് 1,10,100,1000 കൂട്ടങ്ങളാക്കി മാറ്റുന്നു<br><br>സംഖ്യകളെ വ്യത്യസ്ത രീതിയിൽ എഴുതുന്നു | ജൂൺ |
| | ക്രമീകരണം | അബാക്കസിൽ ക്രമീകരിക്കുന്നു<br><br>അരവിന്ദ് ഗുപ്ത കാർഡിൽ | ജൂൺ<br><br>സെപ്റ്റംബർ |

| | | | |
|---|---|---|---|
| | | ക്രമീകരിക്കുന്നു | |
| പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | ക്ലാസ്സിൽ ഒരു കട<br><br>/ കച്ചവട കണക്കു | കട ക്രമീകരിക്കൽ<br><br>കളി നോട്ട് ഉപയോഗപ്പെടുത്തി കച്ചവട കളി ഒരുക്കൽ<br><br>അളവ് പത്രങ്ങൾ ത്രാസ് ക്രമീകരിക്കൽ<br><br>കാളി നോട്ട് കൈകാര്യം ചെയ്യൽ | ഫെബ്രുവരി |
| | സമയ ചക്രം<br><br>ഗണിത കിറ്റ് | സമയ ചക്രം തയ്യാറാക്കൽ<br><br>(AM PM )<br><br>സമയ നാട തയ്യാറാക്കൽ | ജൂലൈ |
| ചതുഷ് ക്രിയകൾ ഉറപ്പിക്കൽ<br><br>ഗണിത പഠനം രസകരമാക്കൽ | സംഖ്യാ ചക്രം | സങ്കലനം<br><br>വ്യവകലനം ഗുണനം<br><br>ഹരണം -<br><br>വിവിധ തരാം കളികൾ ആസൂത്രണംചെയ്തു നടപ്പിലാക്കൽ | ജൂലൈ മാർച്ച് |
| | ഭാഗ്യവാനെ കണ്ടെത്താം | വിവിധ ക്രിയകൾ അടങ്ങിയ കാർഡുകൾ തിരഞ്ഞെടുത്തു പ്രശ്ന നിർധാരണം ചെയ്യുന്നു | ജൂലൈ ഫെബ്രുവരി |
| | ജോഡി കണ്ടെത്താം | സംഖ്യാ നറുക്കുകൾ തിരഞ്ഞെടുത്തു കിട്ടിയ സംഖ്യയുടെ ഉത്തരം | ആഗസ്റ്റ്<br><br>ഫെബ്രുവരി |

| | | | |
|---|---|---|---|
| | | കണ്ടെത്തി കളത്തിൽ ഒട്ടിക്കുന്നു | |

| | | | |
|---|---|---|---|
| ഗണിതത്തോടു താല്പര്യം വളർത്തുന്നു | ഒറിഗാമി | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | |
| ഗണിത പഠന പ്രവർത്തനങ്ങൾ സുതാര്യമാക്കൽ | ഗണിത ലാബ് | ഗണിത ലാബ് ഒരുക്കൽ<br><br>പഠനത്തിന് ഉപയോഗപ്പെടുത്തൽ | സെപ്റ്റംബർ |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത അസംബ്ലി<br>ഗണിത ചുമർ<br>ഗണിത ലാബ്<br><br>ഗണിത മേള | പഠനോപകാരണങ്ങളുടെ പ്രദർശനം നിർമ്മാണം<br><br>ഗണിത ഒപ്പന<br><br>പ്രതിജ്ഞ<br><br>ഗണിതവുമായി ബന്ധപ്പെട്ട DICE കലണ്ടർ കളിനോട്ട്<br><br>രൂപങ്ങൾ എന്നിവയുടെ ശേഖരം | മാസത്തിൽ ഒരിക്കൽ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## അറബിക്

### ലക്ഷ്യങ്ങൾ

ഒന്നാം ക്ലാസ്സിലെ കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയിട്ടുള്ള നൂതന പ്രവർത്തനങ്ങളാണ് രൂപം നൽകിയിട്ടുള്ളത് .ഓരോ കുട്ടിയു ലക്ഷ്യം നേടേണ്ടത് ദൃശ്യ അനുഭവങ്ങളിലൂടെയാണ് . ആശയങ്ങളിൽനിന്നു വാചകങ്ങളും വാചകങ്ങളിൽ നിന്ന് വാക്കുകളും വാക്കുകളിൽ നിന്ന് അക്ഷരങ്ങളും രൂപപ്പെടുമ്പോൾ കുട്ടികൾക്ക് പുതുമയും വൈവിധ്യതയും അനുഭവപ്പെടുന്നു . രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പു വരുത്താൻ ഓരോ ടേമിലും ശില്പ ശാല സംഘടിപ്പിക്കുന്നു

| | | | |
|---|---|---|---|
| ആസ്വാദന ലോകം | മികച്ച പ്രതിഭകളെ കണ്ടെത്തൽ ,അറബിക് കഥകളും പാട്ടുകളും കാണാനുള്ള അവസരം | ജൂൺ ഡിസംബർ | LCD<br>കമ്പ്യൂട്ടർ |
| അനുഭവ ലോകം | അറബി ഭാഷ കേൾക്കന് അനുഭവിക്കാനും ഉതകുന്ന വിഡിയോകൾ കാണാനുള്ള അവസരം ഉണ്ടാക്കൽ | JUNE- മാർച്ച് | LCD കമ്പ്യൂട്ടർ<br>E-TEXT |
| അറബി പദ സമ്പ ത്ത്<br>വർധിപ്പിക്കൽ | പുതിയ പദം പരിചയപ്പെടൽ<br>നോട്ടീസ് ബോർഡിൽ പതിക്കാൻ വിലയിരുത്തൽ | ജൂൺ -<br>മാർച്ച് | അധ്യാപകൻ |

| | | | |
|---|---|---|---|
| | നടത്തൽ | | |
| തെറ്റ് കൂടാതെ വായിക്കാനുള്ള കഴിവ് ഉണ്ടാക്കുന്നു | അക്ഷര വായന ക്ലാസ് വായന<br><br>വീട് വായന  ചിത്ര വായന വാക്യങ്ങൾ ഉറപ്പിക്കൽ<br><br>ഇ വായന | ജൂൺ - ജൂലൈ<br><br>ജൂൺ - ഫെബ്രുവരി<br><br>നവംബർ -<br><br>ഡിസംബർ<br><br>ജൂൺ - മാർച്ച് | അധ്യാപകർ PTA<br><br>SRG |
| അറബി ഭാഷ സംസാരിക്കുന്നത്തിനു | ഇ ടെക്സ്റ്റ് ഉപയോഗിച്ച് സംഭാഷണങ്ങൾ കേൾക്കുന്നു<br><br>റോൾപ്ലേ ക്ലാസ് സംഭാഷണം നടത്തുന്നു | ജൂൺ -<br><br>മാർച്ച് | ഇ ടെക്സ്റ്റ് |
| അറബി ഭാഷ എഴുത്തു പരിപോഷണം | ചിഹ്നങ്ങൾ ഉറപ്പിക്കൽ അക്ഷര കാർഡ് നിർമ്മാണം<br><br>കൂട്ടിയെഴുത്ത് | ജൂൺ<br><br>-<br><br>മാർച്ച് | അധ്യാപകൻ |
| അറബിക് അസ്സെംബ്ലി | ആഴ്ചയിൽ ഒരു ദിവസം അറബിക് ASSEMBLI<br><br>ലൈബ്രറി വായന<br><br>മാഗസിൻ വായന ഇ<br><br>വായന കഥ വായന വായന | ജൂൺ -<br><br>മാർച്ച് | മുതിർന്ന കുട്ടികൾ |

| | | | |
|---|---|---|---|
| | മത്സരങ്ങൾ<br>വളരുന്ന ഡിക്ഷണറി<br><br>ചാർട്ട് എഴുത്തു<br>കൂട്ടിഎഴുത്തു പദ സമ്പത്ത്<br><br>ഉറപ്പിക്കൽ<br>കയ്യെഴുത്തു മാസിക ചുമർ പത്രിക<br><br>പഠനോത്സവം | | |